**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3114** 10.12.2018- ൽ മറുപടിക്ക്

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികളുടെ പൂർത്തീകരണം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി-പുതിയങ്ങാടി-മാട്ടൂർ റോഡും (തേഡ് റീച്ച്) കീച്ചേരി അഞ്ചാംപീടിക റോഡും നിർമ്മാണം പാതിവഴിയിലായത് കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിൽ അനുവദിച്ചുകൊടുത്തിട്ടുള്ള പൂർത്തീകരണ കാലാവധിയായ 31.12.2018-നുള്ളിൽ പ്രവൃത്തി മുഴുവനായും പൂർത്തീകരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ലൈസൻസ് റദ്ദ ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കരാറുകാരെ അറിയിച്ചിട്ടുണ്ട്. നിലവിൽ പഴയങ്ങാടി - പുതിയങ്ങാടി - മാട്ടൂൽ റോഡ് (തേഡ് റീച്ച്) പ്രവൃത്തിയുടെ കോൺക്രീറ്റ് പ്രവൃത്തികൾ മുഴുവനായും ബി.എം പ്രവൃത്തി 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ബി.എം പ്രവൃത്തികൾ നടന്നു വരുന്നു. കീച്ചേരി അഞ്ചാംപീടിക റോഡ് പ്രവൃത്തിയുടെ കോൺക്രീറ്റ് പ്രവൃത്തികൾ മുഴുവനായും, ബി.എം പ്രവൃത്തി 25 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണം അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് കണക്കിലെടുത്ത് കരാറുകാരനെതിരെ എന്തെങ്കിലും വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നതുകൊണ്ട് പിഴയോടുകൂടിയാണ് കരാർ കാലാവധി ദീർഘിപ്പിച്ച് കരാറുകാർക്ക് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ